# ശമ്പള പെൻഷൻ ചെലവിലെ വൻവർധന സംസ്ഥാനത്തെ ധനകാര്യ തകർച്ചയിൽ എത്തിച്ചു.

ഡോ. ബി.എ. പ്രകാശ്

---

രണ്ടുമാസത്തിലധികമായി കടുത്ത ട്രഷറി നിയന്ത്രണങ്ങൾ മൂലം ശമ്പളവും പെൻഷനും ഒഴിച്ചുള്ള മറ്റു ബില്ലുകൾ ട്രഷറിയിൽ പാസ്സാക്കുന്നില്ല. മാസത്തിലെ ആദ്യ പത്തു ദിവസങ്ങളിൽ ട്രഷറിയിൽ നിന്ന് ശമ്പളവും, പെൻഷനും മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. പത്തുലക്ഷം രൂപ വരെയുള്ള ബില്ലുകൾ പാസാക്കുന്നതിനു തടസമില്ലെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും മറ്റിനങ്ങൾക്കുള്ള ചെറിയ തുകയുടെ ബില്ലുകൾ പോലും ട്രഷറി പാസാക്കുന്നില്ല. ഒരു ട്രഷറി വഴി ശരാശരി 100 കോടിരൂപ വരെ ദിവസേന വിതരണം ചെയ്തിരുന്നിടത്ത് ഇപ്പോൾ നാമമാത്രമായ തുകയെ വിതരണം ചെയ്യുന്നുള്ളൂ. സേവിംഗ് ബാങ്ക് അക്കൗണ്ടുകളിലെ തുക പിൻവലിയ്ക്കാൻ പോലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മരാമത്ത് പണി നടത്തിയ 1400 കോടിരൂപയുടെ കുടിശിക ലഭിയ്ക്കാതെ പണികൾ ഏറ്റെടുക്കുകയില്ലെന്ന നിലപാടിലേക്ക് കരാറുകാർ നീങ്ങുന്നു. മഴയിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾക്ക് പോലും പണം കൊടുക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ബില്ലുകൾ മാറാനാകുന്നില്ല. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി ഭയാനകമാണെന്നും ശമ്പളവും പെൻഷനും എത്ര നാൾ കൊടുക്കാനാകും എന്നത് പോലും സംശയത്തിലാണെന്നും ഒരു മന്ത്രി പ്രസ്താപിച്ചിരിയ്ക്കുന്നു. ചുരുക്കത്തിൽ സംസ്ഥാനരൂപീകരണത്തിനു ശേഷം ഏറ്റവും വലിയ ധനകാര്യ തകർച്ച നേരിട്ടകാലഘട്ടത്തിനു (1998-99 മുതൽ 2000-01 വരെ) സമാനമായ സ്ഥിതിയാണ് ഇന്നുള്ളത്.

സംസ്ഥാനം രൂക്ഷധനപ്രതിസന്ധിയിലാണെന്നും ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ട് പോകുന്നതെങ്കിൽ 2017-18 ൽ സംസ്ഥാനം ധനകാര്യ തകർച്ചയിലേക്കും സാമ്പത്തിക അരാജകത്വത്തിലേക്കും നീങ്ങുമെന്നും 2016ലെ ധവളപത്രം പ്രവചിച്ചിരുന്നു. ഈ പ്രവചനം ഇപ്പോൾ യാഥാർത്ഥ്യമായി. നികുതി ഭരണത്തിലെ

കെടുകാര്യസ്ഥതയും, അഴിമതിയും മൂലമുള്ള നികുതി വരുമാനത്തിലെ ഇടിവ്, ചെലവുകൾ നിയന്ത്രിക്കുന്നതിലെ വീഴ്ചകൾ എന്നിവയാണ് രൂക്ഷധനപ്രതിസന്ധിയുടെ കാരണമായി ധവളപത്രം ചൂണ്ടികാണിച്ചത്. ധനകാര്യ തകർച്ചയുടെ പ്രതിഫലനങ്ങൾ സർക്കാർ വകുപ്പുകൾക്ക് പുറത്ത് സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവയിലേക്കും വ്യാപിച്ചിരിയ്ക്കുന്നു.

സംസ്ഥാനത്ത് അനുവർത്തിച്ച് വരുന്ന ധനധൂർത്ത് രാഷ്ട്രീയവും അതിലധിഷ്ഠിതമായ ധനനയങ്ങളും ധനഭരണത്തിലെ കെടുകാര്യസ്ഥതയും മോശമായ ധനകാര്യ മാനേജ്മെന്റുമാണ് നിത്യനിദാനചെലവുകൾ (നോൺപ്ലാൻ റവന്യൂ ചെലവ്) ഒരു നിയന്ത്രണവുമില്ലാതെ കുതിച്ചുയരാൻ കാരണം. കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തെ സംസ്ഥാനധനസ്ഥിതി പരിശോധിച്ചാൽ രാഷ്ട്രീയപാർട്ടികളുടെ ഉപസംഘടനകളായ സർക്കാർ ജീവനക്കാരുടെ സംഘടനകളുടെ സമ്മർദ്ദം മൂലം അഞ്ചു വർഷത്തിൽ ഒരിയ്ക്കൽ നടത്തുന്ന ശമ്പള പെൻഷൻ പരിഷ്ക്കരണവും വർഷത്തിൽ ശരാശരി രണ്ട് ഡി.എ. വർദ്ധനവും സൃഷ്ടിക്കുന്ന അധിക ധനബാധ്യതയാണ് പ്രതിസന്ധിയുടെ മൂലകാരണമെന്ന് കാണാം. ഇന്നത്തെ ധനകാര്യ തകർച്ചയുടെയും പ്രധാനകാരണം ഇതാണ്. പത്തുവർഷത്തേക്ക് ശമ്പളകമ്മിഷൻ ശുപാർശ ചെയ്ത ഉയർന്ന തോതിലുള്ള ശമ്പളസ്കെയിലുകൾ അഞ്ചുവർഷത്തേക്ക് മാറ്റി നടപ്പിലാക്കി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുംബോഴുള്ള അധിക ബാധ്യത 5277 കോടിരൂപയെന്നാണ് ശമ്പള കമ്മിഷന്റെ കണക്ക്. എന്നാൽ യഥാർത്ഥ അധിക ബാധ്യത 6000 മുതൽ 7000 കോടി രൂപയാണ്. ഈ അധിക ബാധ്യത താങ്ങാനുള്ള കഴിവ് ഇല്ലാതെ സംസ്ഥാനം ധനകാര്യതകർച്ചയിലെത്തി.

കഴിഞ്ഞ ശമ്പളപരിഷ്ക്കരണം സർക്കാരിന്റെ ധനസ്ഥിതിയിൽ വരുത്തിയ ആഘാതം എന്താണെന്നു പരിശോധിയ്ക്കാം. 2016 ജനുവരിയിലാണ് പരിഷ്ക്കരണം നടപ്പിലാക്കിയതെങ്കിലും ഇതിന് 2014 ജൂലൈ മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരുന്നു. നടപ്പിലാക്കിയ ആദ്യ വർഷം 2016-17 ൽ ശമ്പള-പെൻഷൻ ചെലവ് 17 ശതമാനവും, രണ്ടാം വർഷം 2017-18 ൽ പ്രതീക്ഷിക്കുന്ന വർദ്ധന 17 ശതമാനവുമാണ്. ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തെ ഈ ഇനത്തിലുള്ള മൊത്തം ചെലവ് 50529 കോടിരൂപയാണ് (പട്ടിക).

**പട്ടിക**
**ശമ്പള പെൻഷൻ ചെലവ് (രൂപ കോടി)**

| വർഷം | ശമ്പളം | പെൻഷൻ | മൊത്തം | വർധന | വർധന (%) |
|---|---|---|---|---|---|
| 2013-14 | 19554 | 9971 | 29525 | 3153 | 11.96 |
| 2014-15 | 21621 | 11253 | 32874 | 3349 | 11.34 |
| 2015-16 | 23757 | 13063 | 36820 | 3946 | 12.00 |
| 2016-17 (RE) | 27794 | 15404 | 43198 | 6378 | 17.32 |
| 2017-18 (BE) | 32355 | 18174 | 50529 | 7331 | 16.97 |

അതായത് സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 54 ശതമാനവും ശമ്പള പെൻഷന് മാത്രമായി ചെലവാക്കുന്നു. ശമ്പളപരിഷ്ക്കരണത്തിന്റെ ഒരു ഭാഗം പി.എഫ്. ൽ ലയിപ്പിക്കുന്നത് കൊണ്ട് ഈ ബാധ്യത ഇതിലും കൂടുതലാവാനാണ് സാധ്യത. ഈ ഇനത്തിൽ സൃഷ്ടിക്കപ്പെട്ട അധിക ബാധ്യതയും, മറ്റും നിറവേറ്റാൻ സംസ്ഥാന നികുതികളിലും, ജി.എസ്.ടി. യിലും ഉള്ള വർധന പര്യാപ്തമല്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോഴത്തെ ധനകാര്യ തകർച്ചയ്ക്ക് അടിസ്ഥാന കാരണവും ഇതാണ്.

ധനകാര്യ തകർച്ചയിലേക്ക് നയിച്ച മറ്റ് കാരണങ്ങൾ താഴെ പറയുന്നു. (1). നിത്യ നിദാന ചെലവുകൾ നിറവേറ്റാൻ വേണ്ടി വർഷങ്ങളായി വൻതോതിൽ കടം വാങ്ങുന്നത് മൂലമുള്ള ഉയർന്ന തോതിലെ റവന്യൂ കമ്മിയും, ധനകമ്മിയും. (2). അധിക ബാധ്യത സൃഷ്ടിക്കുന്ന ബ്യൂറോക്രസി വികസനം, അനാവശ്യ തസ്തികകളും, സ്ഥാപനങ്ങളും സൃഷ്ടിക്കൽ, നഷ്ടത്തിൽ നടക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം നികത്താൻ ധനസഹായം തുടങ്ങിയവ. (3). സർക്കാറിന്റെ മൊത്തം ശമ്പള-പെൻഷൻ ചെലവിൽ മൂന്നിലൊന്നോളം വരുന്ന സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനിയന്ത്രിതമായ ചെലവ് വർദ്ധന. (4). ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനു വേണ്ടിയുള്ള ധനധൂർത്ത് സൃഷ്ടിക്കുന്ന സാമ്പത്തിക ബാധ്യതകൾ. (5). വിഭവങ്ങൾ കണക്കിലെടുക്കാതെ പെരുപ്പിച്ച വാർഷിക പദ്ധതികൾ നടപ്പിലാക്കൽ, വർധിച്ച കടബാധ്യത മൂലമുള്ള വായ്പ പലിശ തിരിച്ചടവ്. (6). നികുതി, നികുതിയേതര നിരക്കുകളിലും കാലാനുസരണം മാറ്റം വരുത്താത്തതും, മോശമായ നികുതി പിരിവും.

ഈ ചർച്ച ഉപസംഹരിയ്ക്കാം. ധവളപത്രം ഈ വർഷം ധനതകർച്ചയുണ്ടാകുമെന്ന് മുൻകൂട്ടി പ്രവചിച്ചിട്ടും അത് പരിഹരിയ്ക്കാൻ കാര്യമായ നടപടികൾ സ്വീകരികാത്ത കെടുകാര്യസ്ഥതയാണ് ഇന്നത്തെ ഈ ദു:സ്ഥിതിയ്ക്ക് കാരണം. ഇന്നത്തെ തകർച്ചയ്ക്കുള്ള പ്രധാനകാരണം 2016 ജനുവരിയിൽ നടത്തിയശമ്പളപരിഷ്കരണവും അതുമൂലം ഉണ്ടായ അധിക ധനബാധ്യതയുമാണ്. ഇതുമൂലം നിത്യനിദാന ചെലവുകൾക്ക് പോലും പണം ഇല്ലാത്ത സ്ഥിതി സൃഷ്ടിച്ചിരിയ്ക്കുന്നു. 1999-2001 കാലത്തെ ധനതകർച്ച പരിഹരിയ്ക്കാൻ സ്വീകരിച്ചതിനു സമാനമായ കടുത്ത നടപടികൾ ഈ തകർച്ച പരിഹരിയ്ക്കാൻ ആവശ്യമാണ്.

(ലേഖകൻ കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി, അഞ്ചാം സംസ്ഥാന ധനകാര്യകമ്മിഷൻ എന്നിവയുടെ അധ്യക്ഷൻ ആയിരുന്നു)